
DIGI TALENT
ഡിജിറ്റൽ മാഗസിൻ
ജി വി എച് എസ് എസ്
ഹേരൂർ മീപിരി

## ഉള്ളടക്കപ്പട്ടിക

.....2
നടക്കുല.....2
സൂര്യന്റെയും ചന്ദ്രന്റെയും വഴക്ക്.....4
നീല ചെന്നായ.....6
പുൽച്ചാടി.....9
Friendship day.....10
വെളുമ്പനും കറുമ്പനും.....13
അശ്രുമഴ.....17
സൂക്ഷിച്ചോ ബോംബ്.....1
കാണാത്ത ലോകം.....3
കുഞ്ഞു മനസ്.....4
ഒരു ഓർമക്കുറിപ്പ്.....6
തവളയും മീനും.....7
കത്താത്ത മെഴുകുതിരി.....8
മാതൃഭാഷ.....11
സുഗന്ധമുള്ള ചിന്ത.....12

# നടക്കുല

താത്ത മുത്തശ്ശി തനിച്ചാണ് താമസം ആടിനെ വളർത്തി അതിൽ നിന്നും കിട്ടുന്ന ആദായം കൊണ്ടായിരുന്നു അവർ ജീവിച്ചിരുന്നത് അങ്ങനെയിരിക്കെ മുത്തശ്ശി ആടിനെ കൊടുക്കാൻ തീരുമാനിച്ചു .ഒരു ദിവസം ആട് കച്ചവടക്കാരൻ പോക്കർ വന്നു .

"മുത്തശ്ശി ........... ഈ ആടിനെ ഇരുന്നൂറു രൂപയ്ക്കു വിൽക്കുന്നോ ?

""നടക്കുല " മുത്തശ്ശി പറഞ്ഞു .

വില കുറഞ്ഞു പോയത് കൊണ്ടാവും .അയാൾ കീശയിൽ നിന്നും കുറച്ചധികം പണമെടുത്തു നീട്ടി '''ഇനിയൊന്നും പറയണ്ട ആടിനെ ഞാൻ കൊണ്ട് പോകുവാ .'''

പണം നൽകിയതിന് ശേഷം പോക്കർ ആടിന്റെ കയറിൽ പിടിച്ചു വലിച്ചു

"ഇങ്ങോട്ട് വാടീ ആടെ ...."

പക്ഷെ ആട് നടക്കുന്നില്ല ."ങേ ഇതെന്താ ആട് നടക്കാത്തത്?"

"അതല്ലെടോ തന്നോട് ഞാൻ ആദ്യമേ പറഞ്ഞത് അത് നടക്കുലാന്ന് "

അത് കേട്ട് പോക്കർ വാ പൊളിച്ചുനിന്നു പോയി .

അയ്ഷത്

സഫ

9 ബി

**സൂര്യന്റെയും ചന്ദ്രന്റെയും വഴക്ക്**

ഒരിക്കൽ സൂര്യനും ചന്ദ്രനും തമ്മിൽ ഒരു ഊക്കൻ വഴക്ക് നടന്നു. സൂര്യൻ പറഞ്ഞു: "നീ വെറും ചന്ദ്രൻ. ഞാൻ നിനക്ക് വെളിച്ചം തന്നില്ലെങ്കിൽ നീ രാത്രി എങ്ങിനെ ഇങ്ങനെ തിളങ്ങും?"

ചന്ദ്രൻ: "താൻ വെറും സൂര്യൻ ... എന്ത് ചൂടനാടോ താൻ. പെൺകുട്ടികൾക്ക് എന്നെയാ ഇഷ്ടം. ഞാൻ രാത്രി തിളങ്ങുമ്പോൾ അവർ പുറത്തിറങ്ങി വന്നു നൃത്തം ചവിട്ടുന്നത് കാണണം!"

ചന്ദ്രച്ചാരുടെ ഈ വാക്കുകൾ സൂര്യനെ ദേഷ്യം പിടിപ്പിച്ചു. സൂര്യനാകെ ചുമന്ന് തുടുത്തു. ആ ദേഷ്യത്തിൽ മൂപ്പർ ചന്ദ്രന്റെ മുഖത്ത് മണൽ വാരിയെറിഞ്ഞു. കുഞ്ഞുങ്ങളെ ഒന്ന് നോക്കൂ. അതാണത്രേ ചന്ദ്രന്റെ മുഖത്ത് കാണുന്ന മറുകുകൾക്കു കാരണം കേട്ടോ ?

# നീല ചെന്നായ

ഭക്ഷണം അന്വേഷിച്ച് കറങ്ങി നടന്ന ഒരു ചെന്നായ നീലച്ചായം കലക്കിയ പാത്രത്തിലേക്ക് വീണു. അവൻ തിരിച്ചു മടയിലെത്തിയപ്പോൾ, അവന്റെ കൂട്ടുകാർ ഞെട്ടിത്തരിച്ച് അവനോട് ചോദിച്ചു: "ഇതെന്താ പറ്റിയത്?"

"എന്നെ പോലെ ഭംഗിയുള്ള എന്തിനെയെങ്കിലും നിങ്ങളൊക്കെ കണ്ടിട്ടുണ്ടോ? നോക്കെന്നേ! എന്നെ ഇനി അബദ്ധത്തിൽ പോലും 'ചെന്നായ' എന്ന് വിളിക്കല്ലേ.."-ചെന്നായ വാൽ ചുരുട്ടി പറഞ്ഞു.

"എന്ത്? പിന്നെ നിന്നെ എന്ത് വിളിക്കും?" – കൂട്ടുകാർ ചോദിച്ചു.

"മയിൽ..ഇനി എന്നെ മയിൽ എന്ന് വിളിക്കു സഹോ.." -നീല ചായത്തിന്റെ ഭംഗിയിൽ ചാടി നടന്നു കൊണ്ട് ചെന്നായ പറഞ്ഞു.

"പക്ഷെ, മയിലിനു പീലിവിരിച്ചാടാൻ പറ്റും. നിനക്ക് പറ്റുമോ ... വാൽ പരത്താൻ?" -കൂട്ടുകാർ ചോദിച്ചു.

"ഓ അതൊന്നും എന്നെ കൊണ്ട് പറ്റൂല... "- ചെന്നായ പറഞ്ഞു.

“മയിലിന് മന്ത്രമധുരമായി ശബ്ദമുണ്ടാക്കാൻ പറ്റും... നിനക്കോ?” – കൂട്ടുകാർ തുടർന്നു.

“അതും പറ്റില്ല.”- ചെന്നായ പരുങ്ങലിൽ ആയി.

“അപ്പൊ പിന്നെ നീ ചെന്നായയുമല്ല, മയിലും അല്ല... “- കൂട്ടുകാർ തറപ്പിച്ചു പറഞ്ഞു. ഇത് പറഞ്ഞതോടെ അവരെല്ലാവരും കൂടി ചെന്നായയെ അവിടുന്ന് ആട്ടി ഓടിച്ചു.

# പുൽച്ചാടി

അത് വേനൽക്കാലം ആയിരുന്നു. പുൽച്ചാടി പാടത്തു തുള്ളിക്കളിച്ച് പാട്ടുപാടി മതിമറന്നാഹ്ളാദിക്കുകയായിരുന്നു. ഒരു ധാന്യമണി തന്റെ കൂട്ടിലേക്ക് കഷ്ടപ്പെട്ട് വലിച്ചുകൊണ്ടു പോകുകയായിരുന്ന ഉറുമ്പ് ആ വഴി കടന്നുപോയി.

"ഇങ്ങനെ കഷ്ടപ്പെടാതെ," പുൽച്ചാടി ചോദിച്ചു, "നിനക്കെന്താ എന്നോടൊത്തു കളിച്ചാൽ?"

"ഞാൻ മഞ്ഞുകാലത്തേക്ക് ഭക്ഷണം ശേഖരിക്കുകയാണ്", ഉറുമ്പ് പറഞ്ഞു. "നീയും അങ്ങനെ ചെയ്താൽ നന്നായിരിക്കും".

"മഞ്ഞുകാലത്തെക്കുറിച്ച് എന്തിന പ്രയാസപ്പെടണം?" പുൽച്ചാടി ചോദിച്ചു, "നമുക്കിപ്പോൾ ധാരാളം ഭക്ഷണമുണ്ടല്ലോ." പക്ഷെ ഉറുമ്പ് തൻറെ പ്രയത്നം തുടർന്നു.

മഞ്ഞുകാലം വന്നു. പുൽച്ചാടി പട്ടിണി കിടന്നു ചാകാറായി. ഉറുമ്പുകൾ തങ്ങൾ ശേഖരിച്ച ഭക്ഷണം എന്നും വിതരണം ചെയ്യുന്നത് അവൻ കണ്ടു. അപ്പോഴവന മനസ്സിലായി:

# Friendship day

My life has been touched
By God today
To show his kindness to me
He send a friend to my way
and i want to know where ever you may be
How much joy your friendship
has brought to me
Nothing can compare
to the warmth of a friend
And want you among my blessings
At each day’s end
So thank you friend
for making me smile
and sending some cheer
across the miles

# വെളുമ്പനും കറുമ്പനും

**ഒരു നാട്ടിൽ കുസൃതിയാ യ രണ്ടു പൂച്ചക്കുട്ടികൾ ഉണ്ടായിരുന്നു . വെളുമ്പനും കറുമ്പനും. അവർ താക്കം കിട്ടിയാൽ വീടുകളിൽ മോഷ്ടി ക്കാൻ കയറും . അങ്ങനെ ഒരുവീട്ടിൽ മോഷ്ടിക്കാൻ കയറിയപ്പോൾ നെയ്യപ്പം കണ്ടു. വെളുപ്പാൻ അതിൽ നിന്നും ഒരു നെയ്യപ്പം എടുത്തു അപ്പോൾ ആ വീടിന്റെ ഉടമ അവിടേക്ക് വന്നു. കയ്യിൽ കിട്ടിയ ഒരു നെയ്യപ്പവുമായി വെളുമ്പനും കറുമ്പനും പുറത്തേക്ക് ഓടി. കറുമ്പൻ ആ നെയ്യപ്പത്തെ രണ്ടായി പകുത്തു എപ്പോഴോ ഒരു കഷ്ണം ചെറുതും ഒരുകഷ്ണം വലുതും. വലിയ കഷ്ണത്തിനു വേണ്ടി രണ്ടു പേരും തർക്കിച്ചു. ഇതെല്ലം മരക്കൊമ്പിലിരുന്ന് ഒരു കുരങ്ങൻ കണ്ടു.. അപ്പോൾ ആ കുരങ്ങൻ മരത്തിൽ നിന്നും ഇറങ്ങി വന്ന് അവരോടു പറഞ്ഞു ഞാൻ ഇതിനെ നിങ്ങൾക്ക് രണ്ടായി പകുത്തു തരാം. അപ്പോൾ രണ്ടു പേരും സമ്മതിച്ചു. കുരങ്ങൻ വലിയ കഷ്ണത്തെ കടിച്ചു. അപ്പോൾ രണ്ടാമത്തെ കസ്റഷ്ണം വലുതെന്ന് തോന്നി. വീണ്ടു ആദ്യം കടിച്ചതിനെ കടിച്ചു എന്നിട്ടും ശരിയായില്ല . അങ്ങനെ മുഴുവനും തിന്നു. പിന്നീട് മരത്തിലേക്ക് ഓടിക്കയറിനിന്നിട്ട് രണ്ടുപേരെയും കളിയാക്കി. നമ്മുടെ ജീവിതത്തില് എം ഇതൊക്കെ തന്നെയാണ് സംഭവിക്കുന്നത് . ഉള്ളത് കൊണ്ട് തൃപ് തിപ്പെ ടാതെ നാം പരസ്പരം കലഹിക്കുന്നു. ഒടുവി കയ്യിലുള്ളയതിനെ നാം നഷ്ടപ്പെടുത്തുന്നു.**

അജ്മൽ 7 ബി

**അശ്രുമഴ**

ഭൂമിതൻ നെഞ്ചിലെ ചൂടുരുക്കാൻ
കണ്ണുനീർ വാർത്തു മാനവുമിന്ന് .
അത്രമേൽ ഉഷ്ണമുണ്ടായിരുന്നു ഇന്ന് .
തെല്ലു മാശ്വാസം ലഭിച്ചതില്ല
പിന്നെയും മാനം കറുത്തുവന്നു
രാപ്പകളില്ലാതെ ത്തോർന്നു പിന്നെ
കുണ്ടും കുഴികളും നിറഞ്ഞു പെരും
തോടും പുഴകളും നിറഞ്ഞുവന്നു
കണ്ണുനീർ പേമാരിയായി വന്നു
കൊടുംകാറ്റായി നിശ്വാസം മാറി വന്നു
ദുഷ്ടത ചെയ്തൊരു മർത്യരെല്ലാം
നിസ്സഹായരായി കേണവന്ന് .
പിന്നെയും വർഷങ്ങൾ മാറി വന്ന്
പഠിച്ചില്ലൊട്ടുമേ പാഠം മർത്യനന്ന്
കുന്നും മലകളും വെട്ടിനിരത്തി
നികത്തി വയലും കുളങ്ങളുമങ്ങനെ
മാനത്തിന് കണ്ണീർ പ്രളയമായി
മതിലുകളില്ലാതെ കയറി വന്നു .
ഭൂമിതൻ നെഞ്ചിലെ തീയണച്ചില്ലെങ്കിൽ

നിശ്ചയം മർത്യകുലനാശവും.

**Sahala 10 A**

**സൂക്ഷിച്ചോ ബോംബ്**

ഒരു ദിവസം രാമു എന്ന പട്ടാളക്കാരൻ വിമാനത്തിൽ യാത്ര ചെയ്യുകയായിരുന്നു'പെട്ടെന്ന് വിമാനത്തിനുള്ളിൽ ഒരു ശബ്ദം മുഴങ്ങറ 'ആരും അനങ്ങിപ്പോകരുത്.ഞങ്ങൾ വിമാനം റാഞ്ചിക്കഴിഞ്ഞു. എല്ലാവരും ഞെട്ടിവിറച്ചു പോയി.അതാ കുറെ റാഞ്ചികൾ. പെട്ടെന്ന് രാമു ഉച്ചത്തിൽ അലറി. ഹ... ഹ..ഹ ഈ വിമാനത്തിൽ ഞാൻ ബോംബ് വെച്ചിട്ടുണ്ട്. ഏതാനും നിമിശത്തിനുള്ളിൽ അത് പൊട്ടിത്തെറിക്കും'

തോക്ക് ചൂണ്ടി നിൽക്ക ന്നവർ ഓടി രാമുവിന്റെ അടുത്ത് വന്ന് .എന്ത് പണിയാടോ താൻ കാണിച്ചത്? ബോംബു പൊട്ടിയാൽ താനും ഞങ്ങളും ഒക്കെ ചാകും'

ചാകട്ടെ, അതിനു വേണ്ടി തന്നെയാബോംബ് വെച്ചിരിക്കന്നത് .രാമു പറഞ്ഞു 'ബോംബ്പൊട്ടാതിരിക്കാൻ തനിക്കെന്താ വേണ്ടത് ' വിമാനം റാഞ്ചിയവർ ചോദിച്ചു. എനിക്കൊന്നു വേണ്ട ഇനി അഞ്ചു മിനിട്ട് മാത്രം' ഹ... ഹ....രാമു പൊട്ടിച്ചിരിച്ചു. ഞാൻ എന്തു വേണമെങ്കിലും തരാം' ബോംബ് പൊട്ടാതിരുന്നാൽ മതി, അവർ പേടിയോടെ പറഞ്ഞു.
എനിക്ക് രണ്ടു തോക്കിന്റെ ആവര്യമുണ്ട്.അതു രണ്ടും ഇങ്ങോട്ട് താ'.
കൊള്ളക്കാരൻ വേഗം തോക്കു രണ്ടും രാമുവിന് കൊടുത്തു തോക്ക് കൈയ്യിൽ കിട്ടിയതും രാമു അത് കൊള്ളക്കാരുടെ നേരെ ചൂണ്ടി. ഹ .ഹ... എറ്റെ കൈയ്യിൽ ബോംബുമില്ല' ഒരു ചുക്കമില്ലാ 'നിങ്ങൾ അനങ്ങി പോകരുത്.
വിമാനം വൈകാതെ തൊട്ടടുത്ത എയർപോർട്ടിൽ എത്തി.

കൊള്ളക്കാരെ പോലീസിന് കൈമാറി. രാമുവിനെ ആളുകൾ എടുത്ത് പൊക്കി' എല്ലാവരും രാമൂ കീ ജയ് എന്ന് ജയഘോഷം മുഴക്കി.

നഫീസത്ത് മുർഷിദ

9 B

**കാണാത്ത ലോകം**

മാനത്ത് മുട്ടി നിൽക്കുന്ന മരങ്ങളും പല നിറങ്ങൾ നിറഞ്ഞ പൂക്കളും അതി മനോഹരമായ പക്ഷികളും 'ഭിത്തികളിൽ നിറഞ്ഞു നിൽക്കുന്ന മനോഹരമായ ചിത്രങ്ങൾ ആ കുട്ടിക്ക് ഇഷ്ടപ്പെട്ടു. അവിടത്തെ പാത്രങ്ങൾ പോലും വളരെ മനോഹരമാണ് .അതിലും മനോഹരമായ സദസ് .വിശിഷ്ട വിഭവങ്ങൾ അവരുടെ മുന്നിൽ നിരത്തി വെച്ചിരിക്കുകയാണ്. അവിടെ ഒരു സ്വർണക്കസേരയും അതിന്റ ഇരുവരങ്ങളിലും വെളുവെളുത്ത രണ്ട് ചിത്രങ്ങകളുള്ള രണ്ട് മാലാഖമാർ നൃത്തം ചെയ്യുന്നു.' ഞാൻ കണ്ടു എത്ര മനോഹർ മാന്ന് ആ സ്വർണക്കസേരയിലിരിക്കുന്ന അദ്ദേഹത്തിന്റെ തലയിലെ വർന്ന കിരീടവും. അപ്പോഴാണ് ആ കുട്ടി ശ്രദ്ധിക്കന്നത് അദ്ദേഹത്തിന്റെ കയ്യിലും കാലിലും ആണിയ ഭക്ഷ പാടുകൾ.അപ്പോളാണ് ആ കട്ടിക്ക് മനസിലായത് ഞാൻ സ്വർഗത്തിലാണെന്ന്.

നിജിൽ പി.സജി
10A

**കുഞ്ഞു മനസ്**

പണ്ട് പണ്ട് വെള്ളിപ്പാട് എന്നൊരു ഗ്രാമത്തിൽ അരുൺ എന്നൊരു പയ്യൻ ഉണ്ടായിരുന്നു. ഒരു സന്തുഷ്ട കുടുംബം ആയിരുന്നു അവരുടേത്.അച്ഛനും അമ്മയും അടങ്ങുന്ന ഒരു കുടുംബം. വളരെയധികം ഇഷ്ടമായിരുന്നു അവന്റെ മാതാപിതാക്കൾക്ക് കാണുന്നവർക്കെല്ലാം അസൂയയായിരുന്നു അവരോട് സ്കൂളിൽ അരുണിന് വലിയ നാവാന്ന് അവരുടെ കുടുംബത്തെ കുറിച്ച് പറയാൻ. നാളുകൾ കടന്ന് പോയി അരുൺ വളരെയധികം മാറിപ്പോയിരുന്നു. ആരോടും മിണ്ടില്ല. ഒന്നു സംസാരിക്കില്ല എല്ലാവരെയും ഉപദ്രവിക്കാൻ തുടങ്ങി. അദ്ധ്യാപികമാർക്കൊക്കെ വളരെയധികം സങ്കടം തോന്നി.അരുണിന്റെ അമ്പയോട് അവർ കാര്യം തിരക്കി.പക്ഷെ അവർ ഒന്നും പറഞ്ഞില്ല. അവരുടെ സ്വഭാവത്തിൽ മാറ്റങ്ങൾ വന്നത് പോലെ തോന്നി.അരുണികൻ അമ്മക്ക് അവനോടുള്ള ഇഷ്ടം കറയുകയായിരുന്നു. അങ്ങനെയിരിക്കെ അവർ അരുണിനെ നോക്കാൻ ഒരു വേലക്കാരിയെ വെച്ചു. രേഖയെന്നായിരുന്നു അവരുടെ പേര്.അരുണിന് അവരെ കണ്ണെടുത്താൽ കണ്ടൂട .പക്ഷെ രേഖക്ക് അവനെ വലിയ കാര്യമായിരുന്നു. രേഖ അവനെ സ്വന്തം മകനെപ്പോലെ നോക്കാൻ തുടങ്ങി. രേഖ അരുണിന്റെ അമ്മയോട് ഇതിനെ കുറിച്ച് പറയുമ്പോൾ അവർ ശ്രദ്ധിക്കില്ലായിരുന്നു. അവരക്കട പെരുമാറ്റത്തിൽ രേഖക്ക് എന്നോ പന്തികേട് മണത്തു. അവർ ഇതിനെ കുറിച്ച് അവളുടെ സുഹൃത്തുക്കളോടൊക്കെ

സംസാരിച്ചു. എത്രയായാലും അമ്മ സ്വന്തം മകനെ അകറ്റില്ല. അതിലെന്തോ കാരണമുണ്ട്. അവർ വിജാരിച്ചു.

ഒരു ദിവസം അരുണിന്റെ അമ്മ കാൽ തെന്നി വീണു. അരുൺ അമ്മേയെന്നു വിളിച്ച് ഓടിച്ചെന്നു പക്ഷെ അവർ അവനെ തള്ളിയിട്ടു. രേഖ അവനെ കോരിയെടുത്ത് എന്നിട്ട് അഛനെ കാര്യം അറിയിച്ചു. അരുണിന്റെ അ മ്മയെ ആശുപത്രിയിലെത്തിച്ചു. രേഖ ഡോക്ടറുടെ മുറിയിൽ ഉ അവൾ കാര്യം തിരക്കിണ്ടായിരുന്നു. അരുത്തിന്റെ അഛൻ മുറിയിൽ വന്നപ്പോൾ അവൾ ഒളിച്ചു നിന്നു. ഡോക്ടർ പറഞ്ഞു ഇവളുടെ വയറ്റിൽ ഇപ്പോൾ ഒരു കുഞ്ഞുണ്ട്. അത് നിങ്ങൾ ഓർക്കെണംഭത്തെടുത്ത കുട്ടിയെ എവിടെയെങ്കിലും ഉപേക്ഷിക്കു. ഇത് കേട്ട രേഖ ഞെട്ടി. അപ്പോളാണ് രേഖക്ക് കാര്യം മനസിലായത് അവളുടെ ഹൃദയംനൊന്നു പോയി. അവൾ കാര്യം തിരക്കി അവർ പറഞ്ഞു എന്ന് വേണമെങ്കിലും നിനക്ക് നരാം 'ഈ കുട്ടിയെ ഒന്നു ഞങ്ങളിൽ നിന്നു കൊണ്ടു പോകുമോ? രേവ പറഞ്ഞു എനിങ്ങ നന്നോളു ഞാൻ പൊന്നുപോലെ നോക്കിക്കൊള്ളാം. അങ്ങനെ രേഖ അരുണിനെ അവളുടെ കക്കട കൊണ്ടുപോയി. അരുന്നിന് അറിയില്ല എന്തിനാണ് അവനെ രേഖ കൊണ്ട പോയതെന്ന് പക്ഷെ അവൻ അവളുടെ വീട്ടിൽ സന്തുഷ്ടനായിരുന്നു. രേവ പറഞ്ഞതുപോലെ അവനെ പൊന്നുപോലെ നോക്കുന്നുണ്ടായിരുന്നു.

ഖദീജത്ത് ഷഹനാസ്

10 B

**ഒരു ഓർമക്കുറിപ്പ്**

ഞാൻ ഒന്നാം ക്ലാസിൽ പഠിക്കുമ്പോൾ സ്കൂളിലേക്ക് പോവുകയായിരുന്നു' എന്ത മഴ മണ്ടായിരുന്നു വഴിയരികിൽ താടിയും മുടിയും വളർത്തിയ വയസ്സായ മഴ നനഞ്ഞ് നിൽക്കുന്നു. കുറെ കുട്ടികൾ ആ മനുഷ്യനെ കൂകി കളിയാക്കുന്നതു കണ്ടു ഞാൻ അമ്മയോടു ചോദിച്ചു എന്തിനാണ് അയാൾ മഴ നനഞ്ഞു നിൽകുന്നത്. അമ്മ പറഞ്ഞു അയാൾ ഒരു മാനസിക രോഗിയാണ്. അയാൾ ചെയ്യുന്നതൊന്നും അയാൾക്ക് ഓർമയില്ല. എനിക്ക് സങ്കടം തോന്നി. പാവം! ഞാൻ സ്കൂൾ കഴിഞ്ഞ് വന്നപ്പോൾ അയാളെ പരതി അയാൾ അവിടെയൊന്നു ഇല്ലായിരുന്നു' ഇന്ന് ഞാൻ ആറാം ക്ലാസ്സിലെത്തി ' ഇന്നും ആ വഴികളിൽ ആ മനുഷ്യൻ ഉണ്ടോയെന്ന് ഞാൻ നോക്കാറുണ്ട്.

നീന പി സജി

**തവളയും മീനും**

ഒരു കളത്തിൽ കുറെ മീനുകള്ള ഒരു തവളയും താമസിച്ചിരുന്നു. ബുദ്ധിമാനായ തവള മിനുക്കളെക്കൾ പറഞ്ഞ് രസിപിക്കും അവർ അങ്ങനെ സന്തോഷത്തോടെ കഴിയുമ്പോൾ ഒരു ദിവസം കുറെ മീൻപിടുത്തക്കാർ കക്കരയിൽ താമസമാക്കി." ഇവരുടെ വലയിൽ കുടുങ്ങുന്നതിന് മുമ്പ് നമുക്ക് എങ്ങോട്ടെങ്കിലും രക്ഷപ്പെടണം" തവള മിനുക്കളോട് പറഞ്ഞു .''ഹേയ് ഞങ്ങൾ എങ്ങോട്ടുമില്ല വലയിൽ പെടാതെ രക്ഷപ്പെടാനുള് വിദ്യ ഞണ്ട് ക്കറിയാം" മീനുകൾ പറഞ്ഞു. തവള കുളം വിട്ട് പോയി.എന്നാൽ അധികം വൈകാതെ മീൻപിടുത്തക്കാരുടെ വലയിൽ അവർക്കുങ്ങുകയും ചെയ്തു

ഗുണപാഠം: ബുദ്ധിമാൻമാർ പറയുന്നത് അനുസരിക്കണം

റംഷീന

5 B

**കത്താത്ത മെഴുകുതിരി**

സമയം രാത്രി ഒന്നു മണി' ഡിസംബർ മുപ്പത്തി ഒന്ന് ഞാൻ കിടക്കാൻ ഒരുങ്ങും നേരം മനസിൽ ഉറപ്പിച്ചു നാളെ ജനുവരി ഒന്ന് പുതിയ വർഷത്തിന്റെ ആരംഭമാണ് 'നാളെ നല്ല കഥയെഴുതണം' എന്ന് വലിയ തിരക്ക് വന്നാലു അത് ഉപേക്ഷിക്കാൻ പാടില്ല. ആ കഥ ലോകം മുഴുവൻ അറിയപ്പെടണം എന്ന് ഞാൻ എന്റെ മനസിൻ ഉറപ്പിച്ചു.

സമയം രണ്ട് മണി. കനുവരി ഒന്ന് . എന്തോ മനസിൽ വന്ന് തട്ടിയ പോലെ ഞാൻ പെട്ടെന്ന് ഉണർന്ന്. ഉന്നരുമ്പോൾ എല്ലാം നിശബരത ഒരു അനക്കവും സ്വല്ലവുറ്റപാട്ടും ഇരുട്ട് ഒരു വെളിച്ചവും ഇല്ല. ഞാൻ തപ്പി ജനാല ഉറന്നു അതിലൂടെ നിലാവിനെ കൊച്ചു വെച്ച് കണ്ടു. ആ വെളിച്ചത്തിൽ തപ്പി ഞാൻ ഒരു മെഴുക തിരി എടുത്ത് കത്തിച്ചു വച്ചു'ഞാൻ ഒരു പേപ്പറും പേനയും എടുത്തു. കസേരയിൽ ഇരുന്നു'ഒരു നല്ല കഥയെഴുതാൻ തുടങ്ങുമ്പോട് പുറത്ത് നിന്നൊരു വലിയ കാറ്റ് വന്ന് വീശി. ആ കാറ്റ് ഞാൻ ഇന്നലെ കെട്ടിയ വേലിയെ മറിച്ചിട്ടു. അതിനിടെ ഞാൻ സൂക്ഷിച്ച് വെച്ചയെ സ്റ്റോ വിശ്വാസം കാറ്റിലൂടെ ഒഴുകിപ്പോയി. ഞാൻ എഴുതാൻ ഉദ്ദേശിച്ചതെല്ലാം എന്റെ മനസിൽ നിന്ന് മാഞ്ഞുപോയി. എഴുതാൻ എനിക്ക് ഒരു മീതോന്നി' പിന്നെ ഒരു ചെറിയ കാറ്റ് വന്നപ്പോഴും മെഴുക തിന്നി കെട്ടു പിന്നെ ഞീ ഒന്നും നോക്കിയില്ല. എഴുതാം ശ്രുമിച്ചതുമില്ല' ഞാൻ നിന്ന് പേപ്പറും മേശപ്പുറത്തു വെച്ചു അറിയാതെ ഉറങ്ങിപ്പോയി ഉണർന്നത് രാവിലെ പത്ത് മണിക്കാണ്. ഉണരുമ്പോൾ ഒന്നും ഓർമയില്ല. മുമ്പത്തേ പോലെ കളിയും ചിരിയുമയി . സ്കൂളിലെ പരീക്ഷയിലെ മാർക്ക് നോക്കിയാൽ ഒന്നും

വേണ്ട. എല്ലാ വി ശയത്തിലും ഒന്ന്, പൂജ്യം, അങ്ങനെയല്ലാതെ അഞ്ചിനു മുകളിൽ പോകും ടീച്ചർമാരിൽ നിന്നും നാട്ടുകാരിൽ നിന്നു. ഒരുപാട് വ y ക്ക് കിട്ടും." ഒന്നിനും കൊള്ളാത്തവർ, മണ്ടി" എന്നൊക്കെയാണ് അവരിൽ നിന്നും കിട്ടുന്നത്. അവരിൽ നിന്നും ചീത്ത കിട്ടും നേരം കൂട്ടുകാരെല്ലാം പരിഹസിക്കും.പിന്നെ ആ വർഷം മുഴുവൻ ഞാൻ അങ്ങനെത്തന്നെ നടന്നു.ഞാൻ ജീവിച്ചിട്ടുണ്ടോ ഇല്ലേ എന്ന് എനിക്ക് തന്നെ അറിയില്ല. എല്ലാവരക്കടയും വഴക്ക് കേട്ട് ഞാൻ വിജാരിച്ചു. ഇല്ലതോറ്റു കൊടുക്കില്ല അടുത്ത വർഷം ഞാനെന്തായാലു ഒരു കഥ എഴുതും, അത് ലോകം മുഴുവൻ അറിയപ്പെട്ടു.അങ്ങനെ മാസങ്ങൾ കടന്നു പോയി.

അടുത്ത ദിവസം ജനുവരി ഒന്നാണ്. ഞാൻ എന്റെ മനസിൽ ഉറപ്പിച്ചു ഇനി ഒരു മാറ്റവുമില്ല. ഉറച്ച വിശ്വാസത്തോടെ ഞാൻ നിന്നു.അന്നു ഞാൻ ഉറങ്ങിയില്ല. പേപ്പറും പേനയുംഎടുത്ത് കസേരയിൽ ഇരുന്നു കഥയെഴുതാൻ തുടങ്ങി. തുടങ്ങി ഏതിയാവുമ്പോഴേക്കും കാറ്റു വന്നു മെഴുകുതിരി കെട്ടു .അത് പല പ്രാവശ്യം ആവർത്തിച്ചു. ക്ഷീണിച്ചു പോയെങ്കിലും ഞാൻ വിട്ടില്ല തോറ്റു കൊടുക്കില്ല എന്ന നിലയിൽ ഞാൻ മുന്നോട്ട് പോയിക്കൊത്ത വിരുന്നു. അങ്ങനെയെഴുതിക്കഴിയാനാകമ്പോഴേക്ക് മെഴുക തിരി തീർന്നു. എ. നികത്തപ്പോക്കേം പേനയിലെ മഷിയും തീർന്നു.അന്ന് സന്തോഷത്തോടെ' ഒരു ദിവസവും ഇല്ലാത്ത ഉത്സാഹത്തോടെ നേരത്തെത്തന്നെ സ്കൂളിൽ പോയി.എണ്ണ് നെപ്പക്കുത്ത് ടീച്ചർ മാർക്കെല്ലാം എണീറ്റ കൊച്ചു കഴകാണിച്ച കൊടുത്തു. ടീച്ചർമാർക്കെല്ലാം കഥ നന്നായി ബോധിച്ചു. അവർ ആക് പ്രസിദ്ധീകരിച്ചു.ആ കഥ ലോകം മുഴുവനും അറിയപ്പെട്ടു' പിന്നെയെല്ലാവരും എന്നെ പ്രശംസിക്കാൻ തുടങ്ങിശേഷം ഒരു പാട്

കഥകൾ ഞാൻ എഴുതി. എനപരിഹസിച്ച ഓരോർട്ടത്തരോട്ടും നീ പറഞ്ഞു തന്ന നിങ്ങൾ പരിഹസിച്ചപ്പോൾ എന്റെ മനസ്സ്റ്റർ കഅത് തന്ന മരച്ചില്ലക്കത്തിച്ചു.എന്ന ഉറച്ച വിവാസൻട് മനസ്സ് ശ്രമവുമാണ് എന്നെ വിജയത്തിലേക്കെത്തിച്ചത്

സഹല പി.വൈ

**മാതൃഭാഷ**

മാതൃഭാഷ ഒരു വന് ജീവൻ ഭാഷയാണ്. ഭാഷ ഭാഷണം ചെയ്യാനുള്ളതാണ്. ആലോചിക്കാതെ പുറത്തു വരുന്നതാണ് മാതൃ ഭാഷ മാതൃഭാഷയെ മറന്നാൽ കുടുംബ ബന്ധങ്ങളൗയിരിക്കും തകരുക. അവരിചിതമായ ഒന്നിനെ  മാതൃഭാഷയാണ്.ഒരു കുട്ടിയുടെ നൈസർഗിക കഴിവുകൾ വളരുന്നത് മാതൃഭാഷയിലൂടെയാണ്.ഒരു കുഞ്ഞിന്റ ആദ്യ ഭാഷ മാതൃഭാഷയായിരിക്കും. വിദ്യാഭ്യാസത്തിന് ഏതു ഭാഷയായാലും മതി.എന്നാൽ അമ്മയേയു അഛനേയും തിരിച്ചറിയാനു തിരിച്ചറിവ് കിട്ടാനും മാതൃഭാഷ വേണം. അതാണ് മാതൃഭാഷയുടെ മഹത്വവും'

ഖദീജത്ത് റഫീന

9 A

**സുഗന്ധമുള്ള ചിന്ത**

ഒരു രാജാവും മന്ത്രിയും ചന്തയിലൂടെ കുതിരപ്പുറത്ത് സഞ്ചരിക്കകയായിരുന്നു വഴിവക്കിൽ ചന്ദനത്തി വിൽക്കണ ഒരു കട കണ്ടു.കടയിലെ വ്യാപാരിയെ കണ്ടപ്പോൾ രാജാവ് പറഞ്ഞു " മന്ത്രീ, എനിക്കയാളെ കാണുമ്പോൾ വല്ലാതെ ദേഷ്യം വരുന്നു എന്താണെന്നറിയില്ല

മന്ത്രി അയാളെ കുറിച്ചു അന്വേഷിച്ചതിന് ശേഷം രാജ് വിനെ വിവരമറിയിച്ചു.അടുത്ത കാലത്തായി അയാളുടെ വ്യാപാരം വളരെ മോശമാണ്. അതിന്റെ വിരമത്തിലാണ് അയാൾ അതു കൊണ്ട് അങ്ങയുടെ ആവശ്യത്തിന് പുതിയ ഒരു കട്ടിൽ ഉണ്ടാക്കണമെന്ന് പറഞ്ഞിരുന്നല്ലോ. അതിന് ആവശ്യമായ ചന്ദനത്തടി ഈ വ്യാപാരിയുടെ കടയിൽ നിന്നും വാങ്ങുകയാണെങ്കിൽ അത് അയാശക്ക് ഒരു സഹായമാകും

ആദ്യം മടിച്ചു നിന്നെങ്കിലും മന്ത്രിയുടെ നിർബന്ധത്തിന് വഴങ്ങി ഒടുവിൽ രാജാവ് അതിനു അനുമതി നൽകി.. രാജകൽപ്പന പ്രകാരം